No/11/2019/SRG/LSGD(5)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം രാവിലെ 10.30 മണിക്ക് സെക്രട്ടേറിയറ്റിലെ അനക്സ് - 1-ലെ ബോധി ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

24.10.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 28.77 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 29.89 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കണ്ണൂർ ജില്ലയിലും (32.14%) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (25.22 ശതമാനം) 102.27 കോടി രൂപയുടെ 3905 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 158.20 കോടി രൂപയുടെ 4977 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 29.63% |
| ബ്ലോക്ക് പഞ്ചായത്ത് | 34.51% |
| ജില്ലാ പഞ്ചായത്ത് | 23.67% |
| മുനിസിപ്പാലിറ്റി | 26.89% |
| കോർപ്പറേഷൻ | 23.35% |
| **ആകെ** | **28.77ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കണ്ണൂർ | 32.14% |
| 2 | ഇടുക്കി | 30.45% |
| 3 | വയനാട് | 30.42% |
| 4 | പാലക്കാട് | 29.83% |
| 5 | കോഴിക്കോട് | 29.24% |
| 6 | ആലപ്പുഴ | 29.05% |
| 7 | കൊല്ലം | 28.76% |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 28.6% |
| 9 | പത്തനംതിട്ട | 27.88% |
| 10 | മലപ്പുറം | 27.67% |
| 11 | തിരുവനന്തപുരം | 27.34% |
| 12 | കോട്ടയം | 27.05% |
| 13 | കാസർഗോഡ് | 25.91% |
| 14 | എറണാകുളം | 25.22% |

**പൊതു വിഭാഗം, SCSP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCSP | TSP |
|---|---|---|
| 35.61% | 23.94% | 26.86% |

**മുൻവർഷങ്ങളിൽ ഇതേ ദിവസത്തെ പദ്ധതിച്ചെലവ് താഴെ ചേർക്കുന്നു.**

| | |
|---|---|
| 2016-17 | 5.75 ശതമാനം |
| 2017-18 | 26.99 % |
| 2018-19 | 37.18 % |
| 2019-20 | 28.41 % |

**2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

## 2.2 29.08.2019 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.2 (3.7)

ലൈഫ് മിഷൻ പദ്ധതിയുടെ വിശദമായ അവലോകന റിപ്പോർട്ട് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രതിനിധി അവതരിപ്പിച്ചു.

**(എ) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം**

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ആകെ 66257 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. അന്തിമ ലിസ്റ്റ് പ്രകാരം 54259 ഗുണഭോക്താക്കളായിരുന്നു അർഹതയുള്ളവർ. ഇതിൽ 51788 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ആകെ ചെലവ് 664.87 കോടി രൂപ. ഇനി പൂർത്തീകരിക്കാനുള്ളത് 2471 വീടുകളാണ്. ഇതിൽ 1019 വീടുകൾ യാതൊരു കാരണവശാലും പൂർത്തീകരണം നടക്കില്ല. ബാക്കിയുള്ളവ പൂർത്തീകരിച്ചു വരുന്നു.

**(ബി) ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം**

| | |
|---|---|
| രേഖാ പരിശോധനയിലൂടെ അർഹരായ ഗുണഭോക്താക്കൾ | 97466 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട ഗുണഭോക്താക്കൾ | 89521 |
| ഭവന നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾ | 87682 |
| കരാറിലേർപ്പെട്ടിട്ടും നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾ | 1839 |
| ബേസ് മെന്റ് പൂർത്തീകരിച്ച ഗുണഭോക്താക്കൾ | 82406 |
| ലിന്റൽ വരെ പൂർത്തീകരിച്ച ഗുണഭോക്താക്കൾ | 71801 |
| റൂഫ് വരെ പൂർത്തീകരിച്ച ഗുണഭോക്താക്കൾ | 52429 |
| ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ | 43987 |
| പൂർത്തീകരണ ശതമാനം | 49.14 |
| 100 ശതമാനം ഭവന നിർമ്മാണം പൂർത്തീകരിച്ച പഞ്ചായത്തുകൾ | 41 |
| നാളിതുവരെ ഗുണഭോക്താക്കൾക്കു നൽകിയ തുക (ഹഡ്കോ ലോൺ 1500 കോടി + LB ,ഷെയർ - 718.9. കോടി | 2218.9 കോടി |

**(സി) ലൈഫ് - പി.എം.എ.വൈ - (അർബൻ)**

അർഹരായ 88672 ഗുണഭോക്താക്കളിൽ 74900 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിച്ച് 25702 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചു. 575 കോടി രൂപ ഹഡ്കോ ലോൺ വിഹിതമായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

**(ഡി) ലൈഫ് - പി.എം.എ. വൈ - റൂറൽ**

അർഹരായ 42431 ഗുണഭോക്താക്കളിൽ 17316 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും 16216 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

**നടപടി – 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2 (3.10)**

വനിതാ ശിശു വികസനം ജില്ലാ ഓഫീസർക്ക് DDO കോഡ് അനുവദിക്കുന്നതു സംബന്ധിച്ച ഫയൽ ധനവകുപ്പിനു നൽകിയിട്ടുണ്ട്. ഡി.ഡി.ഒ കോഡ് അനുവദിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാമെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ധനവകുപ്പ്**

**2.2 (4.4)**

**നിലമ്പൂർ നഗരസഭ**

**ബഹു. രാജ്യസഭാ എം.പി ശ്രീ അബ്ദുൾ വഹാബ്.വി.യുടെ കത്തും നിലമ്പൂർ നഗരസഭാ സെക്രട്ടറിയുടെ 18.04.2018-ലെ G2/G3-3507/17-ാം നമ്പർ കത്ത് (SRG 708/2019)**

നഗരസഭയിലെ വിവിധ പ്രദേശങ്ങളിലായി 9 പട്ടികവർഗ്ഗ സങ്കേതങ്ങളും 13 പട്ടികജാതി സങ്കേതങ്ങളും ഉണ്ട്. ഇവിടത്തെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ഫെസിലിറ്റേറ്റർമാർക്ക് പ്രതിമാസം 4000/- രൂപ വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

ഇത് മലപ്പുറം പ്ലാനിംഗ് ഓഫീസർ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകി. നിലമ്പൂർ നഗരസഭയിലെ എസ്.സി/എസ്.റ്റി സങ്കേതങ്ങളിൽ മുൻ വർഷങ്ങളിൽ (2015-16 & 2016-17) ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിരുന്നെന്നും ടി നിയമനങ്ങളിൽ ഓഡിറ്റ് തടസ്സം നേരിട്ടതിനാൽ തുടർന്ന് ഫെസിലിറ്റേറ്റർമാർക്കുള്ള ഓണറേറിയം നൽകുന്നത് നിർത്തി വച്ചിട്ടുണ്ടെന്നും ജില്ലാ പ്ലാനിംഗ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫെസിലിറ്റേറ്റർമാരുടെ പൂർത്തീകരിച്ച സേവനത്തിന് ഇനിയും ഓണറേറിയം നൽകാൻ ബാക്കിയുണ്ടെന്നും ആയത് നൽകുന്നതിനുള്ള പ്രത്യേക അനുമതിക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് നിലമ്പൂർ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും ജില്ലാ പ്ലാനിംഗ് ഓഫീസർ റിപ്പോർട്ട് ചെയ്തു.

**തീരുമാനം:-** ഓഡിറ്റ് കുറിപ്പുള്ളതിനാൽ വിഷയം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല. വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ(എ.ബി) വകുപ്പ്**

**2.2 (4.37)**

**തളിപ്പറമ്പ് മുനിസിപ്പാലിറ്റി**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.2019 ലെ കത്തും 27.03.19 ലെ 16/16-ാം നമ്പർ കൗൺസിൽ തീരുമാനവും (SRG 541/19- CC 344/19)**

2018- ലെ പ്രളയത്തിൽ തളിപറമ്പ് താലൂക്കാശുപത്രിയിലെ കാലപ്പഴക്കം ചെന്ന സെപ്റ്റിക് ടാങ്ക് പൊട്ടി തകർന്നിരുന്നു. അടിയന്തിര സ്വഭാവമുള്ളതായിരുന്നതിനാൽ ടെണ്ടർ നടപടി കൂടാതെ ഇത് ശരിയാക്കുന്നതിന് ഒരു സ്പോൺസറെ കണ്ടെത്തി കരാറുകാരനായ ശ്രീ സന്തോഷ് കുമാർ മുഖേന പ്രവൃത്തി നടത്തി. എന്നാൽ സ്പോൺസറായ ABC ഗ്രൂപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് നേരിട്ട് പണം നൽകിയതിനാൽ സ്പോൺസർഷിപ്പിൽ നിന്ന് പിന്മാറി. ഈ സാഹചര്യത്തിൽ വാല്യുവേഷൻ നടത്തി കരാറുകാരന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** വാല്യുവേഷൻ നടത്തി തുക നൽകുന്നതിന് അനുമതി നൽകുന്നു. ശുചിത്വ മിഷനിൽ നിന്ന് വേണമെങ്കിൽ തുക നൽകാമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതനുസരിച്ച് ഈ സാധ്യതയും മുനിസിപ്പാലിറ്റിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.3 26.09.2019 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3(3.1.2)**

അങ്കണവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഹോണറേറിയം നൽകുന്നതിനാവശ്യമായ വിഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തണം. തുക വകയിരുത്തിയിട്ടില്ലാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ധനവകുപ്പ് അറിയിച്ച പ്രകാരമുള്ള തുക ട്രഷറിയിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം.

എന്നാൽ വികസന ഫണ്ട് കുറവുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനുള്ള തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. ഇങ്ങനെ തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കുന്നവർക്ക് വികസന ഫണ്ടിൽ നിന്ന് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ഇതിനുള്ള ഫയൽ ധനവകുപ്പിന്റെ പരിഗണനക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടി

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) ധനവകുപ്പ്**

2.3 (3.1.5)

പുതിയ അംഗനവാടികളുടെ നിർമ്മാണത്തിനും പഴയതിന്റെ അറ്റകുറ്റപ്പണിക്കും വനിതാ ശിശു വികസന വകുപ്പിൽ നിന്നും തുക അനുവദിക്കാറുണ്ട്. വനിതാ ശിശു വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും 60:40 അനുപാതത്തിലാണ് തുക വകയിരുത്തേണ്ടത്. ഈ തുക പി.ഡബ്ല്യൂ.ഡി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്ത് നിർമ്മാണം നടത്തണമെന്ന് വകുപ്പിന്റെ നിർദ്ദേശം സംബന്ധിച്ച്.

വനിതാ ശിശു വികസന വകുപ്പ് നൽകുന്ന വിഹിതം തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറുന്ന രീതി ഭാവിയിൽ കൈക്കൊള്ളുന്നതിനും തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് നിർമ്മാണം നടത്തുന്നതിനും അനുമതിക്കായി ഫയൽ ധനവകുപ്പിന് നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ധനവകുപ്പ്**

2.3 (3.1.7)

2019-20-ൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും ചില കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം ആഴ്ചയിലെ 7 ദിവസവും 24 മണിക്കൂറാക്കാനും നാഷണൽ ഹെൽത്ത് മിഷൻ (NHM) ലക്ഷ്യമിടുന്നു. ഇപ്രകാരം ആകെ 504 കേന്ദ്രങ്ങളാണുള്ളത് (പ്രാഥമികാരോഗ്യകേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ചേർത്ത്). ഇതിന്റെ നിർമ്മാണ പ്രവർത്തനം NHM- ആണ് നടത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ അധിക തുക ചെലവഴിക്കാൻ തയ്യാറാണെങ്കിൽ ഈ വിഹിതം NHM -ന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു. ഇതു സംബന്ധിച്ച തുടർ നടപടിക്കായി ഫയൽ ധനവകുപ്പിനു നൽകിയിട്ടുണ്ട്. ആവശ്യമായ നടപ്പടി ധനവകുപ്പ് സ്വീകരിക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ധനവകുപ്പ്**

2.3 (3.3)

ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളിൽ മുഖ്യ നിർവ്വഹണ തദ്ദേശഭരണസ്ഥാപനത്തിന് മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾ തുക കൈമാറുന്ന രീതിയായിരുന്നു നിലനിന്നിരുന്നത്. ഇതിനുപകരം അലോട്ട്മെന്റ് രീതിയിൽ തുക കൈമാറണമെന്ന് ധനവകുപ്പ് ഉത്തരവിറക്കി. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കും എന്നതിനാൽ കഴിഞ്ഞ വർഷം 31.03.2019 വരെ പഴയ രീതി തുടരുവാൻ ധനവകുപ്പ് അനുമതി നൽകിയിരുന്നു. ഈ വർഷം മുതൽ ധനവകുപ്പ് നിർദ്ദേശിച്ചിരുന്ന അലോട്ട്മെന്റ് രീതി നടപ്പാക്കുന്നതു സംബന്ധിച്ച് 29.08.2019-ലെ കോർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തിരുന്നു. ഈ യോഗത്തിൽ

നിർദ്ദേശിച്ച തുടർനടപടിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ മുഖ്യ നിർവ്വഹണ ഏജൻസിയായുള്ള തദ്ദേശഭരണ സ്ഥാപനത്തിന് പങ്കാളികളായുള്ള മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം അലോട്ട്മെന്റ് ഒറ്റത്തവണയായി നൽകണം. മുഖ്യ നിർവ്വഹണ സ്ഥാപനം റിക്വിസിഷൻ/ബിൽ തുക പ്രകാരം തുക ആവശ്യമനുസരിച്ച് അലോട്ട്മെന്റിൽ നിന്ന് ചെലവഴിക്കണം. ലൈഫ് പദ്ധതിയടക്കം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക കൈമാറേണ്ട അവസരങ്ങളിൽ ലഭ്യമായ അലോട്ട്മെന്റിൽ നിന്ന് തുക ഗുണഭോക്താവിന് നേരിട്ടു നൽകേണ്ടതാണ്.

മുഖ്യ നിർവ്വഹണ സ്ഥാപനത്തിന് അലോട്ടുമെന്റായി നൽകുന്നതിനും ലഭിക്കുന്ന തുക ചെലവഴിക്കുന്നതിനും ആവശ്യമായ ക്രമീകരണം അടിയന്തിരമായി സാംഖ്യ സോഫ്റ്റ് വെയറിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

കൂടാതെ ഇതു സംബന്ധിച്ച ഉത്തരവ് ധനവകുപ്പിന്റെ അനുമതിയോടെ നൽകണം.

നടപടി :- 1) **തദ്ദേശസ്വയംഭരണ( എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**2.3 (3.9)**

പദ്ധതി പുരോഗതി എസ്.എം.എസ് ആയി വകുപ്പുമേധാവികൾക്കും മറ്റു ബന്ധപ്പെട്ടവർക്കും നൽകാൻ നടപടി സ്വീകരിക്കണം.

**നടപടി – 1) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ**

**2.3(4.1)**

**<u>അയ്മനം ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.06.2019-ലെ കത്തും (SRG/19/CC - 364/19)**

അപ്പർ കുട്ടനാട് മേഖലയിൽ ഉൾപ്പെട്ടതാണ് അയ്മനം ഗ്രാമപഞ്ചായത്ത്. ഇവിടെ ഗ്രാവൽ മണ്ണിന്റെ മാർക്കറ്റ് നിരക്ക് LSGD - നിരക്കിനേക്കാൾ കൂടുതലാണ് ഇതിനാൽ ഗ്രാവൽ മണ്ണുപയോഗിച്ചുള്ള പ്രവൃത്തി നടപ്പാക്കാൻ ബുദ്ധിമുട്ടാണ്. പൊതുമരാമത്ത് പ്രവൃത്തിയായ പഞ്ചായത്തിലെ മണിയാംപറമ്പ് - ചീപ്പുങ്കൽ റോഡിന് എം ക്യൂബിന് 400/- രൂപയും 40 കിലോമീറ്റർവരെ യഥാർത്ഥ കൺവയൻസും പി,ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്. ഈ നിരക്ക് അയ്മനം ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് പ്രവൃത്തികൾക്കും ബാധകമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതിന് അനുമതി നൽകാവുന്നതാണെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി – 1) തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്**

2.3(4.4)

**വിജയപുരം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും വിജയപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2019-ലെ A1-9156/18-ാം നമ്പർ കത്തും**

(SRG/586/19 )

**പ്രോ.നം. 27/20**

**അടങ്കൽ 7,00,000/-**
**(വികസനഫണ്ട് - 5,00,000/-**
**തനത് ഫണ്ട് - 2,00,000/-)**

**പേര് :- സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം**

സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണത്തിനുള്ള പ്രോജക്ട് ഈ വർഷം തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതോടൊപ്പം ഹൈസ്കൂളിലെ കുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ കഴിഞ്ഞ വർഷം എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം കൊടുത്ത നടപടിക്ക് സാധൂകരണവും നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

1) 7-ാം ക്ലാസ്സുവരെയുള്ള സർക്കാർ സ്കൂളിലെ കുട്ടികൾക്കൊപ്പം എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി നൽകുന്നു.
2) ഹൈസ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകാനുള്ള അനുമതി നിരസിച്ചു
3) 2017-18-ൽ എയ്ഡഡ് സ്കൂളിൽ പ്രഭാത ഭക്ഷണം നൽകിയതിൽ ഓഡിറ്റ് കുറിപ്പുണ്ടെന്ന് യോഗത്തിൽ പഞ്ചാത്ത് ജോയിന്റ് ഡയറക്ടർ അറിയിച്ചു. കോഓർഡിനേഷൻ കമ്മിറ്റി വിഷയം പരിഗണിച്ചില്ല. വകുപ്പുതലത്തിൽ പരിഗണനയ്ക്കായി നൽകണം.

**നടപടി : 1)പഞ്ചായത്ത് ഡയറക്ടർ**

2.3(4.25)

**ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.07.2019- ലെ കത്ത് (SRG/699/19-CC/458/2019)**

**പ്രോ. നം. 52/20** **അടങ്കൽ - 11,00,000/- രൂപ (വികസന ഫണ്ട്)**

**പേര് : കടുവിനാൽ സമൃദ്ധി കാർഷിക വിപണിക്ക് കെട്ടിടം.**

വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കടുവിനാൽ സമൃദ്ധി കാർഷിക വിപണി കെട്ടിടം പണിയാൻ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. 1951-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണ് സമൃദ്ധി കാർഷിക വിപണി. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇന്റേണൽ ഓഡിറ്റ് നടത്തിയതിന്റെ റിപ്പോർട്ടും ബൈലോയും ഗ്രാമവികസന കമ്മീഷണർ മുഖേന ബ്ലോക്ക് പഞ്ചായത്തു നൽകി. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചില്ല. ചാർട്ടേഡ് അക്കൗണ്ടന്റ് നടത്തിയ ഓഡിറ്റ് റിപ്പോർട്ട്സഹിതം സമർപ്പിക്കണം. ഇതു പരിശോധിച്ച് ഗ്രാമവികസന കമ്മീഷണർക്ക് നൽകണം ഗ്രാമവികസന കമ്മീഷണർ പരിശോധിച്ച് റിപ്പോർട്ട് സഹിതം നൽകുന്ന മുറയ്ക്ക് പരിഗണിക്കും.

**നടപടി :1) ഗ്രാമ വികസന കമ്മീഷണർ**

2.3(4.26)

**മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 26.07.2019- ലെ കത്തും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21-12-2018-ലെ 17(1)-ാം നമ്പർ തീരുമാനവും(SRG/701/19-CC/338/2019).**

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീമതി. പുഷ്പ, നമ്പുകുളങ്ങര ക്രമനമ്പർ 20 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഇ.എം.എസ് ഭവന പദ്ധതിയിൽ ഇവർക്ക് 75000/- രൂപ നൽകിയിരുന്നു. എന്നാൽ പദ്ധതി പൂർത്തിയാക്കും മുൻപ് വീടും സ്ഥലവും വിറ്റു. പഞ്ചായത്തിൽ നിന്നും അനുവദിച്ച 75,000/- രൂപയും പലിശയായി 32475/- രൂപയുമടക്കം ഇയാൾ പഞ്ചായത്തിൽ അടച്ചു. ഇവർക്ക് ലൈഫ് പദ്ധതി പ്രകാരം വീടിനു ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി : 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

2.3(4.30)

**വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.08.2019-ലെ കത്ത് (SRG/751/19-CC/712/2018).**

**പ്രോ.നം. 20/20** **അടങ്കൽ - 16,00,000/- രൂപ (വികസന ഫണ്ട് - ജനറൽ)**

**പ്രോ.നം. 21/20** **അടങ്കൽ - 24,00,000/- രൂപ (എസ്.സി.പി)**

**പേര് : എം.എൻ ലക്ഷം വീട് - ഇരട്ടവീട് ഒറ്റ വീടാക്കൽ**

2019-20- ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ എം.എൻ ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീട് ഒറ്റ വീടാക്കാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവന പദ്ധതിക്ക് മതിയായ തുക മാറ്റി വച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി : 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**3.പൊതുവിഷയങ്ങൾ**

================

**3.1 മിഷൻ അന്ത്യോദയ സർവേ**

**സാമ്പത്തിക സ്ഥിതി വിവരകണക്ക് ഡയറക്ടറുടെ 10.10.2019-ലെ PL/8790/2019/DES നമ്പർ കത്ത്**

കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മിഷൻ അന്ത്യോദയ സർവേ (2019-20 റൗണ്ട്) കേരളത്തിലും നടത്തിയിരുന്നു. ഗ്രാമങ്ങളിലെ വികസന പ്രശ്നങ്ങളും വിടവുകളും കണ്ടെത്തുകയാണ് സർവേയുടെ മുഖ്യ ലക്ഷ്യം. സർവേ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ മിഷൻ അന്ത്യോദയ പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. സർവേ നടത്തിയ ഉദ്യോഗസ്ഥർക്ക് യാത്രാപ്പടി, ഭക്ഷണം, ഹോണറേറിയം എന്നിവ നിശ്ചിത നിരക്കിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെയോ (MGNREGS) ഉപജീവന മിഷന്റെയോ (DAY-NRLM) ഭരണ ചെലവിൽ നിന്ന് അനുവദിക്കാമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇവർക്കുള്ള ഓണറേറിയം താഴെപ്പറയുന്ന നിരക്കിൽ അനുവദിക്കണമെന്ന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ ആവശ്യം സംബന്ധിച്ച്

| | |
|---|---|
| (1) ഫീൽഡ്തല ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം ( ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ | 941 x 300 രൂപ x 4 person 11,29,200/- രൂപ |
| (2) ഷെഡ്യൂളുകൾ ഫോട്ടോ കോപ്പി എടുത്ത ചെലവ് | 15,000/- രൂപ |
| **ആകെ** | **11,44,200/- രൂപ** |

**തീരുമാനം :-** MGNREGS - ന് ഭരണ ചെലവ് ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നു നൽകാൻ അനുമതി നൽകുന്നു.

**നടപടി : തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 3.2 ഗ്രാമവികസന വകുപ്പ്

**ഗ്രാമവികസന കമ്മീഷണറുടെ 17.10.2019-ലെ ആർ.ഐ.1/7129/18/ CRG നമ്പർ കുറിപ്പ്**

നബാർഡ് സഹായം ലഭിക്കുന്ന പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം വയ്ക്കേണ്ടതുണ്ട്. താഴെപ്പറയുന്ന നിരക്കിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം വയ്ക്കേണ്ടത്.

| | **നബാർഡ് വിഹിതം** | **തദ്ദേശഭരണ സ്ഥാപന വിഹിതം** |
|---|---|---|
| (i) റൂറൽ കണക്ടിവിറ്റി | 80% | 20% |
| (ii) സോഷ്യൽ സെക്ടർ | 85% | 15% |
| (iii) അഗ്രികൾച്ചറൽ സെക്ടർ | 95% | 5% |

നബാർഡ് സഹായത്തോടെ ഇത്തരം പദ്ധതികൾ ഏറ്റെടുത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അംഗീകാര സമയത്തു തന്നെ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ ഉറപ്പാക്കണമെന്നും അതിനുള്ള നിർദ്ദേശം നൽകണമെന്നതും സംബന്ധിച്ച്

**തീരുമാനം :-** ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റും വിശദാംശങ്ങളും ഗ്രാമവികസന കമ്മീഷണർ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് മുൻകൂട്ടി നൽകണമെന്നും അതനുസരിച്ച് വിഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണസമിതി ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്**

## 3.3 തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.10.2019-ലെ DB3 - 753/2013/CE/തസ്വഭവ നമ്പർ കത്തു പ്രകാരം അപ്പർ കുട്ടനാട് പ്രദേശങ്ങളായ അയ്മനം, തിരുവാർപ്പ്, കുമരകം, ആർപ്പൂക്കര, എന്നീ ഗ്രാമപഞ്ചായത്തുകളിലെ കോൺക്രീറ്റ്, ടാറിംഗ് പ്രവൃത്തികൾ നടത്തുന്നതിന് നിലവിലെ ഗ്രാവൽ മണ്ണിന്റെ നിരക്ക് കുറവായതിനാൽ ബുദ്ധിമുട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. അയ്മനം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതു മരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഗ്രാവൽ മണ്ണിന് എം.ക്യൂബിന് 400/- രൂപയും 40 കിലോമീറ്റർ വരെ യഥാർത്ഥ കൺവേയൻസും പി.ഡബ്ല്യൂ. ഡി റോഡ് വിഭാഗം ചീഫ് എഞ്ചിനീയറുടെ 01.03.2019-ലെ CE/R&B)KTM/2016/2603/ Price നമ്പർ

കത്തു പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ നിരക്ക് മുകളിൽ പറഞ്ഞ പഞ്ചായത്തുകൾക്കും ബാധകമാക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തതനുസരിച്ച് അയ്മനം, തിരുവാർപ്പ്, കുമരകം, ആർപ്പൂക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലെ കോൺക്രീറ്റ്, ടാറിംഗ് പ്രവൃത്തികൾക്കും ഈ നിരക്ക് ബാധകമാക്കാൻ അനുമതി നൽകുന്നു.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**3.4(i)** തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താനും അത്യാവശ്യം വേണ്ട കൂട്ടിച്ചേർക്കലുകൾ വരുത്താനും നിബന്ധനകളോടെ സർക്കാർ അനുമതി നൽകിയിരുന്നു. ഇവ അന്തിമമാക്കി സമർപ്പിക്കണമെന്ന് പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഇനിയും 239 തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടി പരിഷ്കരിച്ച പദ്ധതി നൽകാനുണ്ട് എന്ന് യോഗം വിലയിരുത്തി. ജില്ല തിരിച്ച ലിസ്റ്റ് താഴെപ്പറയും പ്രകാരമാണ്.

| **ജില്ല** | **തദ്ദേശഭരണ സ്ഥപനങ്ങളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 8 |
| പത്തനംതിട്ട | 24 |
| ആലപ്പുഴ | 37 |
| കോട്ടയം | 67 |
| ഇടുക്കി | 06 |
| എറണാകുളം | 77 |
| പാലക്കാട് | 02 |
| മലപ്പുറം | 06 |
| കണ്ണൂർ | 01 |
| കാസർഗോഡ് | 11 |
| ആകെ | 239 |

ഈ തദ്ദേശഭരണസ്ഥാപനങ്ങളോട് അടിയന്തിരമായി പരിഷ്കരിച്ച പദ്ധതി സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. ഇതേവരെ സമർപ്പിക്കാത്തതിന്റെ കാരണം പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ എന്നിവർ അടിയന്തിരമായി പരിശോധിക്കണം. വീഴ്ച വരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളോട് ബന്ധപ്പെട്ട വകുപ്പ മേധാവികൾ വിശദീകരണം ആരായണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**
**4) നഗരകാര്യ ഡയറക്ടർ**
**5) എല്ലാ ഡി.പി.ഒ മാരും**

**3.4(ii)** പരിഷ്കരിച്ച പദ്ധതി അന്തിമമാക്കി ഈ തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സൈറ്റ് തുറന്നു നൽകാൻ എസ്.ആർ.ജിയേയും ഐ.കെ.എം നേയും ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**

**3.4(iii)** ഉപതെരഞ്ഞെടുപ്പ് മൂലം പരിഷ്കരിച്ച പദ്ധതി സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ട തിരുവനന്തപുരം കോർപ്പറേഷൻ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, കാസറഗോഡ് എന്നീ ജില്ലകൾക്ക് പദ്ധതി അന്തിമമാക്കി സമർപ്പിക്കുന്നതിന് സുലേഖ സൈറ്റ് 08.11.2019- തുറന്നു നൽകുന്നതിനു തീരുമാനിച്ചു. തിരുവനന്തപുരം കോർപ്പറേഷനും മുകളിൽ പറഞ്ഞ ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളും 08.11.2019-നകം പരിഷ്കരിച്ച പദ്ധതി ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിക്കേണ്ട താണ്.

ഇതു കൂടാതെ ഇടുക്കി ജില്ലാ പഞ്ചായത്തിനും മഞ്ചേരി നഗരസഭയ്ക്കും വാർഷിക പദ്ധതി ഭേദഗതിക്കായി സുലേഖ സോഫ്റ്റ് വെയറിൽ തുറന്നു നൽകാൻ തീരുമാനിച്ചു. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ 04.11.2019-നകം പരിഷ്കരിച്ച പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**

**3.5** ഫിഷറീസ് വകുപ്പു മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി അവലോകനം ചെയ്യണമെന്ന് 26.09.19 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നുവെങ്കിലും യോഗത്തിൽ ഫിഷറീസ് ഡയറക്ടർ ഹാജരായില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഡയറക്ടർ പങ്കെടുത്ത് വിശദാംശങ്ങൾ നൽകണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്**

**3.6**(1) പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഉറപ്പാക്കാൻ സംസ്ഥാന തലത്തിലും ജില്ലാ ആസൂത്രണ സമിതി തലത്തിലും അവലോകനം നടത്തണമെന്ന് 20.06.19 ൽ കൂടിയ കോർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. ജില്ലാ തലത്തിൽ താഴെ പറയുന്ന രീതിയിൽ അവലോകനം നടത്താനാണ് നിർദ്ദേശിച്ചിരുന്നത്.

(i) ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്ക് പഞ്ചായത്തുകളുടേയും പദ്ധതി അവലോകനം ബ്ലോക്കുതലത്തിൽ നടത്തണം.
(ii) ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയുടെ അവലോകനം ജില്ലാതലത്തിൽ നടത്തണം.

ഇതനുസരിച്ച് രണ്ടാംഘട്ട അവലോകനം ഒക്ടോബർ 15 മുതൽ നവംബർ 15 നകം പൂർത്തിയാക്കണം. മൂന്നാംഘട്ട അവലോകനം ഡിസംബർ 15 നകം പൂർത്തിയാക്കണം. ഇതു കൃത്യമായും ഫലപ്രദമായും നടക്കുന്നുണ്ടെന്ന്

പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, സംസ്ഥാന ആസൂത്രണ ബോർഡ് ഡി.പി. ഡിവിഷൻ ചീഫ് എന്നിവർ ഉറപ്പ വരുത്തണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന ഡയറക്ടർ**
**5) ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം**
**സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

**3.6(2)** ബഹു.തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ) വകുപ്പ മേധാവികൾ എന്നിവർ ചേർന്നുള്ള ജില്ലാതല അവലോകന യോഗങ്ങൾ ഡിസംബർ ആദ്യം നടത്താൻ തീരുമാനിച്ചു. തീയതി പിന്നീട് അറിയിക്കുന്നതാണ്. ഇതിനുള്ള വിശദാംശങ്ങൾ ശേഖരിക്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**
**2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**3.7** ലൈഫ് മിഷൻ പദ്ധതിക്കായി നിർബന്ധമായി മാറ്റിവച്ചിരിക്കുന്ന (പദ്ധതി വിഹിതത്തിന്റെ 20%) തുക ചില തദ്ദേശഭരണസ്ഥാപനങ്ങളിൽ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയുന്നില്ല എന്നു യോഗം നിരീക്ഷിച്ചു. ഭവന നിർമ്മാണത്തിന് തുക ആവശ്യമില്ലെന്ന് ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ തുക ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങാനോ ഭവന സമുച്ചയം നിർമ്മിക്കുന്നതിനോ ഉപയോഗിക്കാൻ അനുമതി നൽകുന്നു. ഇപ്രകാരം ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ സാക്ഷ്യപത്രം സഹിതം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മുഖേന ആവശ്യപ്പെടുന്ന തദ്ദേശങ്ങൾക്ക് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്**

**3.8** ഗവ.മെഡിക്കൽ കോളേജ് ഉള്ള ജില്ലകളിൽ മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ജില്ലയിലെ ആശുപത്രികളിലെ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കുന്നതിന് അതത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കണം. ഇതിനാവശ്യമായ നടപടി അതാത് ജില്ലാ ആസൂത്രണസമിതികൾ സ്വീകരിക്കണം. ഇതിന് വേണ്ട സാങ്കേതിക സഹായം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും ക്ലീൻ കേരള കമ്പനി എം.ഡി.യും നൽകണം. ആവശ്യമെങ്കിൽ മറ്റ് സാങ്കേതിക സഹായവും തേടണം. ഇതിന് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ അനുമതിയും സഹായവും തേടണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**
**3) ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ**

3.9 പദ്ധതിച്ചെലവിൽ ഏറ്റവും പുറകിൽ നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവഹണത്തിൽ ആവശ്യമായ സഹായം കിലയുടെ നേതൃത്വത്തിൽ നൽകണം. ഏറ്റവും പുറകിൽ നിൽക്കുന്ന 20 ഗ്രാമപഞ്ചായത്തുകളെയും 5 വീതം നഗരസഭകളെയും ബ്ലോക്ക് പഞ്ചായത്തുകളെയും തെരഞ്ഞെടുത്ത് അവരുടെ പ്രശ്നങ്ങളും പോരായ്മകളും കണ്ടെത്തി പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിനു വേണ്ട സഹായം കില നൽകണം. ഈ തദ്ദേശഭരണ സ്ഥാപനങ്ങളെ മികച്ച തലത്തിലേയ്ക്ക് എത്തിക്കാൻ ആവശ്യമായ പരിശീലനം നൽകി ഇടപെടൽ നടത്തണം. ഇതിന്മേൽ സ്വീകരിച്ച നടപടിയും സ്വീകരിക്കാവുന്ന മറ്റ് പ്രവർത്തനങ്ങളും എന്തെന്ന് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ കില ഡയറക്ടർ റിപ്പോർട്ട് ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഐ.ബി) വകുപ്പ്**
**2)ഡയറക്ടർ, കില**

3.10 സർക്കാർ പ്രൈമറി സ്കൂളുകളിൽ 7-ാം ക്ലാസ്സുവരെ പ്രഭാത ഭക്ഷണം നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. പ്രഭാത ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കി പി.ടി.എ മുഖേന പാചകക്കാരനെ നിയോഗിച്ചോ അല്ലെങ്കിൽ കുടുംബശ്രീ മുഖേനയോ ഭക്ഷണം നൽകണം. ഇതിനായി ടെണ്ടർ വിളിച്ച് കാറ്ററിംഗ് യൂണിറ്റ് വഴി ഭക്ഷണം നൽകാവുന്നതല്ല.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**

3.11 ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പോലുള്ള ചില ബ്ലോക്കുകളിൽ സ്ഥിരമായി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ ഇല്ലെന്ന് യോഗം നിരീക്ഷിച്ചു. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പോസ്റ്റ് ചെയ്യുന്ന ബി.ഡി.ഒ മാർക്ക് ദീർഘകാല അവധി നൽകരുതെന്നും സ്ഥിരമായി ഇവിടെ നിൽക്കാൻ താല്പര്യമുള്ളവരെ ഈ സ്ഥലങ്ങളിൽ നിയമിക്കണമെന്നും യോഗം നിർദ്ദേശിക്കുന്നു. സംസ്ഥാനത്തെ ആകെ ബി.ഡി.ഒ മാരുടെ vacancy list ഇന്ന് (24.10.2019)നു തന്നെ അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകണം. എഞ്ചിനീയർമാരെ നിയമിക്കുന്നതിലും ശ്രദ്ധ നൽകണമെന്നും യോഗം നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്**
**2)ഗ്രാമവികസന കമ്മീഷണർ**
**3) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

3.12 മെറ്റേണിറ്റി ലീവിനു പോകുന്ന എഞ്ചിനീയർമാരടക്കമുള്ള വനിതാ ഉദ്യോഗസ്ഥർക്കു പകരം ആളിനെ നിയമിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് അടിയന്തിരമായി ഉത്തരവിറക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറും മറ്റ് വകുപ്പു മേധാവികളും അടിയന്തിര നടപടി സ്വീകരിക്കണം. പദ്ധതി നിർവഹണത്തിന് തടസ്സം

ഉണ്ടാകാതെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിലും വിന്യസിക്കുന്നതിലും ജാഗ്രത കാണിക്കണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഇ.ഡബ്ളിയു) വകുപ്പ്**

**3.13** പദ്ധതി പുരോഗതിയിൽ പുറകിൽ നിൽക്കുന്ന എറണാകുളം, കാസർഗോഡ്, കോട്ടയം, തിരുവനന്തപുരം, മലപ്പുറം പത്തനംതിട്ട ജില്ലകൾ സന്ദർശിച്ച് പഞ്ചായത്ത് ഡയറക്ടർ നേരിട്ട് അവലോകനം നടത്തണം. ഇതിന്മേലുള്ള റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടർ നൽകണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

**3.14** നിയമസഭ കൂടുന്ന അവസരങ്ങളിൽ നിയമസഭാ ചോദ്യത്തിന് കൃത്യമായി മറുപടി നൽകുന്നതിന് വകുപ്പുമേധാവികൾ ശ്രദ്ധിക്കണം. ഓഫീസ് സമയം കഴിഞ്ഞും മറുപടി നൽകുന്നതിന് ആവശ്യമെങ്കിൽ ക്രമീകരണം ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (പി.എസ്) വകുപ്പ്**

**3.15** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലേയും, മത്സ്യതൊഴിലാളി വിഭാഗത്തിലെ കുടുംബങ്ങളിലേയും വിദ്യാർത്ഥികൾക്ക് മിഡിൽ ലെവൽ ലാപ് ടോപ് നൽകുന്നതിന് IT മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം 38,902/- രൂപയായി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഐ.ടി. വകുപ്പ് സെക്രട്ടറിയുടെ 09.10.2019-ലെ IT Cell-1/106/2019/ITD കത്ത് പ്രകാരം മീഡിയം ലാപ് ടോപ് -ന് 22816/- രൂപ നിരക്കിൽ Centralized Procurment and Rate Contract System (CPRCS)ൽ നിന്ന് ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ട്.

എന്നാൽ കഴിഞ്ഞ വർഷം വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് IT മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം ഇത് 30,000/- രൂപയായിരുന്നു നിശ്ചയിച്ചിരുന്നതെന്നും ഈ വർഷം IT മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം ഇത് 38,902/- രൂപയായി വർദ്ധിപ്പിച്ചുവെന്നും യോഗം വിലയിരുത്തി. IT മിഷൻ ഡയറക്ടറുടെ ശുപാർശ അനുസരിച്ച് മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരം ഇപ്പോൾ CPRCS പോർട്ടലിൽ ലാപ് ടോപ് ലഭിക്കുന്നില്ല എന്നും ജില്ലകളിൽ നിന്നറിയിച്ചിട്ടുണ്ടെന്നും (ഇന്നത്തെ കോഓർഡിനേഷൻ കമ്മിറ്റി യോഗ നടപടിക്രമം ഖണ്ഡിക 4.12) യോഗം വിലയിരുത്തി. നിരക്കിൽ വന്ന വലിയ അന്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് പരിശോധിച്ച് IT വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് വിദ്യാർത്ഥികൾക്ക് നല്കുന്ന ലാപ് ടോപിന്റെ സ്പെസിഫിക്കേഷനും നിരക്കും നിശ്ചയിച്ചറിയിക്കാൻ IT മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം. ഇതിനുള്ള ഫയൽ ഐ.ടി ഡയറക്ടർക്കു നൽകണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്**
**2)ഐ.റ്റി. മിഷൻ ഡയറക്ടർ**

3.16 ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള പദ്ധതി ചെലവ് അവലോകന കമ്മിറ്റിയുടെ 22.10.2019-ൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

- സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 31.03.2020 നുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികൾക്ക് വേണ്ടി വരുന്ന തുക കൃത്യമായി കണക്കു കൂട്ടി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടിയെ അറിയിക്കണം
- കേന്ദ്ര പദ്ധതികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് അടിയന്തിരമായി സമർപ്പിക്കേണ്ടതും ലഭിക്കേണ്ട കേന്ദ്ര വിഹിതം അടിയന്തിരമായി നേടിയെടുക്കുന്നതിനുവേണ്ട നടപടിയും സ്വീകരിക്കേണ്ടതുമാണ്
- കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതം ലഭിക്കാനുണ്ട് എന്ന വിവരവും അടിയന്തിരമായി അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകണം.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 31.03.2020 വരെ ആവശ്യമായി വരുന്ന തുക അഡീഷണൽ ചീഫ് സെക്രട്ടറിയെ അടിയന്തിരമായി അറിയിക്കണം.
- എല്ലാ വകുപ്പ മേധാവികളും പ്ലാനിംഗ് സെക്ഷന്റെ യോഗം വിളിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയം ഭരണ (എഫ്.എം) വകുപ്പ്**
**2) ബന്ധപ്പെട്ട എല്ലാ വകുപ്പ മേധാവികളും**

3.17 എഞ്ചിനീയറിംഗ് മേഖലയിലെ പദ്ധതിപുരോഗതി ഉദ്ദേശിച്ച രീതിയിൽ കൈവരിച്ചിട്ടില്ലാത്തതിനാൽ പദ്ധതി പുരോഗതി എല്ലാ ആഴ്ചയിലും വിശകലനം ചെയ്യണം. ആയതിലേയ്ക്കായി ഒരു ഐ.ടി ഓഫീസറെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എടുക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**4. പ്രത്യേക വിഷയങ്ങൾ**

====================

## 4.1 പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2019-ലെ കത്തും 14.05.2019-ലെ 5/8-ാം നമ്പർ ഭരണസമിതി തീരുമാനവും ( SRG 800/19 - CC/535/19)**

***പ്രോ.നം. 96/20 അടങ്കൽ 20,00,000/- രൂപ (അവാർഡ് തുക)***

***പേര്:- മഹതി ( സ്ത്രീ സൗഹൃദ മുറി)***

2017-18 സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള അവാർഡ് തുകയായി 20.00 ലക്ഷം ലഭിച്ചിട്ടുണ്ട് ഈ തുക ഉപയോഗിച്ച് കേരള കലാമണ്ഡലം, ചേലക്കര ഗവ.ആർട്സ് & സയൻസ് കോളേജ് , ചേലക്കര

ഗവ. പോളിടെക്നിക്ക്, ചേലക്കര IHRD സയൻസ് & ടെക്നോളജി കോളേജ് എന്നിവിടങ്ങളിലെ പെൺകുട്ടികൾക്കും അദ്ധ്യാപികമാർക്കും സ്ത്രീ സൗഹൃദ മുറി സജ്ജീകരിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

## 4.2 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും അനുബന്ധരേഖകളും** (SRG 790/19 - CC 492/19)

ചൈനയിൽ രണ്ടാം വർഷം MBBS - ന് പഠിക്കുന്ന ആരതി.C.S. എന്ന വിദ്യാർത്ഥിക്ക് വിദേശ പഠനത്തിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധനസഹായം ലഭിക്കുന്നതിന് വകുപ്പിന്റെ മാനദണ്ഡപ്രകാരം ഈ വിദ്യാർത്ഥിക്ക് അർഹതയുണ്ടോ ഇവരുടെ കുടുംബ വരുമാനം, നീറ്റ് പരീക്ഷയിൽ അർഹത മാർക്ക് ലഭിച്ചിട്ടുണ്ടോ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന വകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്**

## 4.3 ചിറക്കടവ് ഗ്രാമ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും ചിറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2019-ലെ D -113/19 (SRG - 589/19-ാം നമ്പർ കത്തും CC/371/19**

***പ്രോ.നം. 55/19*** ***അടങ്കൽ - 2,00,000/- രൂപ***
***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് - 3-ാം മൈൽ വെൽഫയർ സെന്റർ മെയിന്റനൻസ്)***

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 3-ാം മൈൽ വെൽഫയർ സെന്റർ മെയിന്റനൻസ് എന്ന പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചു. വെറ്റിംഗ് നടപടി പൂർത്തിയായില്ല. അതിനാൽ അന്തിമ ലിസ്റ്റിൽ ഈ പ്രോജക്ട് ഉൾപ്പെട്ടില്ല. ഈ കാരണത്താൽ സ്പിൽഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം**

## 4.4 ചിറക്കടവ് ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2019-ലെ കത്തും ചിറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2019-ലെ D-113/19-ാം നമ്പർ കത്തും (SRG 588/19/CC/372/19)**

***പ്രോ.നം. 260/19*** ***അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - അരീക്കൽ കുടിവെള്ള പദ്ധതി ലൈൻ സ്ഥാപിക്കൽ***

2018- 19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന അരീക്കൽ കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചിരുന്നുവെങ്കിലും വെറ്റിംഗ് നടപടി പൂർത്തിയായിരുന്നില്ല. അതിനാൽ അന്തിമ ലിസ്റ്റിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിരുന്നില്ല ഈ കാരണത്താൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം**

## 4.5 പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി

**പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 05.08.2019-ലെ PCPC/605/2019-ാം നമ്പർ കത്തും 29.08.2019-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ മിനിട്സും ( ഖണ്ഡിക 4.10) ( SRG 755/19)**

24,000 കർഷകരുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നതാണ് പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി. കമ്പനിക്ക് വെളിച്ചെണ്ണ ഉല്പാദിപ്പിക്കാനുള്ള പ്ലാന്റും, നീര, വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് വാട്ടർ, കയർ നിർമ്മാണത്തിനുള്ള യൂണിറ്റും ഇവിടെ ഉണ്ട്. കമ്പനിക്ക് പ്രവർത്തന മൂലധനത്തിൽ കുറവുള്ളതിനാൽ കോഴിക്കോട് ജില്ലാ പഞ്ചായത്തും കൊയിലാണ്ടി താലൂക്കിലെ ബ്ലോക്ക് പഞ്ചാത്തുകളും കൊയിലാണ്ടി

മുനിസിപ്പാലിറ്റിയും താലൂക്കിലെ ഗ്രാമപഞ്ചായത്തുകളും കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യപ്പെട്ട പ്രകാരം ജില്ലാ പഞ്ചായത്ത് പരമാവധി 15.00 ലക്ഷം രൂപയും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും പരമാവധി 5.00 ലക്ഷം രൂപയും നൽകുന്നതിന് താഴെപ്പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(i) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരികളുടെ യോഗം വിളിച്ച് ചർച്ച ചെയ്ത് വേണം തീരുമാനമെടുക്കേണ്ടത്.

(ii) ഇപ്രകാരം ലഭിക്കുന്ന റിവോൾവിംഗ് ഫണ്ട് കമ്പനിയുടെ ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിനു മാത്രമേ ഉപയോഗിക്കാവൂ.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.6 മണീട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും 17.07.2019-ലെ 4-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 788/19 - CC/506/19)**

***പ്രോ.നം. 83/20 അടങ്കൽ - 1,20,000/- രൂപ( തനത് ഫണ്ട്)***

***പേര് - പഞ്ചകർമ്മ സെന്റർ പ്രവർത്തനങ്ങൾ***

പഞ്ചായത്തിലെ ഏഴരക്കാട് ഗവ. ആയുർവേദാശുപത്രിയിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ടു താൽക്കാലിക ജീവനക്കാർക്ക് പ്രതിദിനം 400 /- രൂപ വീതം 6 മാസത്തേയ്ക്ക് വേതനം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇവിടെ പഞ്ചകർമ്മ ചികിത്സയ്ക്ക് സൗകര്യമുണ്ടോ എന്നതടക്കം DMO(ISM)-ന്റെ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. റിപ്പോർട്ട് സഹിതം സമർപ്പിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.7 തുറവൂർ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ തന്നെ 07.08.2019 69351/19/CC/DPO/EKM നമ്പർ പ്രകാരമുള്ള റിപ്പോർട്ടും ( SRG/787/19 - CC/473/2019)**

***പ്രോ.നം. 98/20 അടങ്കൽ 1,00,000/- രൂപ (SCP)***

***പേര് - പട്ടികജാതി സങ്കേതത്തിൽ മിനി LED ഹൈമാസ്റ്റ്***

പഞ്ചായത്തിൽ 3-ാം വാർഡിലെ പട്ടികജാതി സങ്കേതത്തിൽ മിനി LED ഹൈമാസ്റ്റ് (SCP) സ്ഥാപിക്കാൻ ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

എന്നാൽ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേത്രമായ ശ്രീ. കൊമരൻ ക്ഷേത്ര മതിൽ കെട്ടിനുള്ളിൽ ഹൈമാസ്റ്റ് സ്ഥാപിക്കത്തക്ക രീതിയിലാണ് ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കുന്നത്. ക്ഷേത്രം സ്വകാര്യ ഭൂമി ആയതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഹൈമാസ്റ്റ് ഇവിടെ സ്ഥാപിച്ചാൽ പൊതു ജനങ്ങൾക്ക് പ്രയോജനകരമാണെന്ന് ഉറപ്പാക്കി ക്ഷേത്ര ഭാരവാഹിയുടെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.8 മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 30.7.2019-ലെ 2(1) -ാം നമ്പർ തീരുമാനവും**

*പ്രോ.നം. 10/20* *അടങ്കൽ 6,00,000/- രൂപ*
*(വികസന ഫണ്ട് 4,00,000/- രൂപ*
*തനത് ഫണ്ട് 2,00,000/- രൂപ)*

***പേര് - അമ്മ മധുരം - ഗവൺമെന്റ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം***

സർക്കാർ സ്കൂളിലെ 1 മുതൽ 7 വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതിയിൽ എയ്ഡഡ് സ്കൂളിലെ കുട്ടികളെ കൂടി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് സർക്കാർ സ്കൂളിലെ കുട്ടികൾക്കു പ്രഭാത ഭക്ഷണം നൽകുന്നതിന് മാത്രമാണ് എന്ന് യോഗം നിരീക്ഷിച്ചു. എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കു കൂടി പ്രഭാത ഭക്ഷണം നൽകുന്ന രീതിയിൽ പ്രോജക്ട് ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.9 ഉഴവൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്ത് (SRG 786/19 - CC/484/19)**

*പ്രോ.നം.203/20* *അടങ്കൽ 40,000/- രൂപ*
*(വികസനഫണ്ട്)*

***പേര് - ഗ്രാമപഞ്ചായത്ത് ഓഫീസ് - സി.സി. ക്യാമറ ദീർഘിപ്പിക്കൽ***

2018-19-ൽ ഗ്രാമപഞ്ചായത്ത് ഓഫീസിലും പരിസരത്തുമായി സിസി. ടി.വി ക്യാമറ സ്ഥാപിച്ചിരുന്നു. ഇതോടൊപ്പം 4 ക്യാമറ കൂടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ജില്ലാ ആസൂത്രണസമിതി നിരസിച്ച ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

## 4.10 ഉഴവൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2019-ലെ കത്ത് (SRG 794/19 - CC/485/19)**

***പ്രോ.നം.70/20*** ***അടങ്കൽ 1,00,000/- രൂപ***
***(വികസനഫണ്ട് - 75,000/- രൂപ***
***തനത് ഫണ്ട് - 25,000/- രൂപ)***

***പേര് - മാതൃ വന്ദനം - നവജാത ശിശുക്കൾക്കും അമ്മമാർക്കും ആരോഗ്യ പരിരക്ഷ***

പഞ്ചായത്തിലെ ബി.പി.എൽ കുടുബങ്ങളിലെ നവജാത ശിശുക്കളുടേയും അമ്മമാരുടേയും ആരോഗ്യ പരിരക്ഷാർത്ഥം ആയുർവേദ മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്

**തീരുമാനം :-** ആവശ്യമുള്ള മരുന്ന് ആയുർവേദാശുപത്രിയിൽ വാങ്ങി സൂക്ഷിച്ച് ഡോക്ടറുടെ പരിശോധനയോടെ മരുന്ന് നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

## 4.11 പല്ലശ്ശന ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2019-ലെ കത്ത് (SRG 803/19 - CC/537/19)**

***പ്രോ.നം.65/20*** ***അടങ്കൽ 6,00,000/- രൂപ (വികസനഫണ്ട്)***

***പ്രോ.നം. 66/20*** ***അടങ്കൽ 6,00,000/- രൂപ ( എസ്.സി.പി)***

***പേര് - സർക്കാർ സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം (ജനറൽ)***
***സർക്കാർ സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം ( എസ്.സി.പി)***

സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് 2 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉണ്ട്. ഭക്ഷണം നൽകുന്നതിന് ഇ-ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്തുന്നതിനു പകരം കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** PTA യുടെ നേതൃത്വത്തിൽ സ്കൂളിൽ പാചകക്കാരനെ ഉപയോഗിച്ചോ ഇ-ടെണ്ടർ ഒഴിവാക്കി കുടുംബശ്രീ മുഖേനയോ പ്രഭാത ഭക്ഷണം നൽകുന്ന രീതി സ്വീകരിക്കാവുന്നതാണ്

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

**4.12 എറണാകുളം ജില്ലാ കളക്ടറുടെ 16.10.2019-ലെ 69351/19/CC/DPO/EKM നമ്പർ കത്ത്**

ഐ.ടി. സാമഗ്രികളുടെ വാങ്ങലുകൾ പൂർണ്ണമായും CPRCS പോർട്ടലിലൂടെ ആയിരിക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നൽകുന്ന മിഡ് ലെവൽ ലാപ് ടോപിന്റെ സ്പെസിഫിക്കേഷനും വിലയും ഐ.ടി. മിഷൻ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ് ടോപ് CPRCS ന്റെ പോർട്ടിലിൽ ലഭ്യമല്ല എന്ന് അറിയിച്ചിരിക്കുന്നു. ഇതു കാരണം ലാപ് ടോപ് വാങ്ങാൻ ഉള്ള അവ്യക്തത ഒഴിവാക്കി പ്രശ്നം പരിഹരിക്കാൻ നടപടി സംബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.15 ന്റെ അടിസ്ഥാനത്തിൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഐ.ടി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. പിന്നീട് പരിഗണിക്കും. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റി എടുക്കുന്ന തീരുമാനം ബാധകമായിരിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.13 താന്ന്യം ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2019-ലെ കത്തും 26.07.2019-ലെ 1(1)/19-ാം നമ്പർ ഭരണസമിതി തീരുമാനവും ( SRG/795/19/CC/475/19)**

അഗതി രഹിത കേരളം പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ 8,99,800/- രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ട്. സംസ്ഥാന മിഷൻ അംഗീകരിച്ച തനുസരിച്ച് 5 ഗുണഭോക്താക്കൾക്ക് വീട് നൽകേണ്ടതുണ്ട്. പഞ്ചായത്തിൽ ലഭ്യമായ വിഹിതത്തിൽ നിന്ന് 8.00 ലക്ഷം രൂപ ഉപയോഗിച്ച് 5 ഗുണഭോക്താക്കളിൽ നിന്ന് രണ്ടു പേർക്ക് വീട് നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ആശ്രയ കുടുംബമായതിനാൽ അനുമതി നൽകുന്നു.

**നടപടി 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.14 മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ**

**മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.08.2019-ലെ MRDF/CFM/TMR/Mix 2019-20/696-ാം നമ്പർ കത്ത് (SRG 807/19)**

മിൽമ മലബാർ യൂണിയന്റെ അനുബന്ധ സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ 2015 മുതൽ ടോട്ടൽ മിക്സഡ് റേഷൻ (TMR) എന്ന കാലിത്തീറ്റ നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ

വിതരണത്തിനായി കാലിത്തീറ്റ വാങ്ങുമ്പോൾ അംഗീകൃത സ്ഥാപനമായി MRDF നെ കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** മാർഗ്ഗരേഖ പ്രകാരം കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങണമെന്നാണ് നിർദ്ദേശം. അതിനാൽ MRDF ന്റെ കാലിത്തീറ്റയുടെ ഗുണനിലവാരം നിശ്ചയിച്ച് അംഗീകാരം നൽകേണ്ടത് മൃഗ സംരക്ഷണ വകുപ്പാണ്. മൃഗസംരക്ഷണ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.15 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.08.2019-ലെ കത്ത് ( SRG 814/19 - CC/530/2019)**

***പ്രോ.നം. 7/20*** ***അടങ്കൽ - 72,00,000/- രൂപ***

***പേര് - പാലിയേറ്റീവ് സൊസൈറ്റികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ***

2018-19-ൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ രജിസ്റ്റർ ചെയ്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സൊസൈറ്റികൾക്കും പി.എച്ച്.സികൾക്കും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകിയിരുന്നു. (കഴിഞ്ഞ വർഷത്തെ ആകെ ചെലവ് 71,89,619/- രൂപ). ഈ വർഷവും ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പി.എച്ച്.സി.യോടൊപ്പം സി.എച്ച്.സി.കൾക്കും ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.16 പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.08.2019-ലെ കത്തും അനുബന്ധ രേഖകളും ( SRG /815/19 CC/544/19)**

***പ്രോ.നം. 111/20*** ***അടങ്കൽ 21,54,800/- രൂപ***

***പേര് - ലൈഫ് ഭവന പദ്ധതി***

2019-20 -ൽ ലൈഫ് ഭവന പദ്ധതിക്ക് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ തുക ചെലവഴിക്കാൻ കഴിയില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. വീട്ടു വാസയോഗ്യമാക്കാനും മേൽക്കൂര മാറ്റാനുമായി ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനു ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതിനാൽ ലൈഫ് പദ്ധതിക്ക് മാറ്റി വച്ച ഈ തുക ഈ പ്രോജക്ടുകളിലേയ്ക്ക് മാറ്റാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിക്കുന്നു . പൊതു തീരുമാനം ഖണ്ഡിക 3.7 ബാധകമാണ്.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.17 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.09.2019-ലെ കത്ത് ( SRG 817/19 - CC/571/19)**

***പ്രോ.നം. 33/20 അടങ്കൽ 72,000/- രൂപ***

***പേര് :- 8, 9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ***

2019 - 20-ലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.18 ചാലിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2019-ലെ കത്തും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.08.2019-ലെ കുറിപ്പും 26.09.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനവും - ഖണ്ഡിക 2.4 (4.16) (SRG 738/19)

പഞ്ചായത്തിൽ ക്ലീൻ ചാലിയാർ പദ്ധതിയുടെ ഭാഗമായി അജൈവ മാലിന്യങ്ങൾ എനർജി പ്ലാന്റിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ട്രാൻസ് പോർട്ടേഷൻ ചെലവ് ശുചിത്വ മേഖലയ്ക്കായി മാറ്റി വച്ചിരിക്കുന്ന 10 ശതമാനം തുകയിൽ നിന്ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.
ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 2019 മെയ് വരെ 7,02,568/- രൂപയാണ് പ്രവർത്തന നഷ്ടം. 2019 മെയ് വരെ 4,79,068/- രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിച്ചു. ഇതു കുറച്ചാലുള്ള നഷ്ടം 2,23,500/- രൂപയാണ്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ട്രാൻസ്പോർട്ടേഷനുള്ള ടെണ്ടർ മാനദണ്ഡ പ്രകാരമാകണമെന്നും നിരക്ക് സംബന്ധിച്ച് നെഗോഷിയേറ്റ് ചെയ്യണമെന്നും നിർദ്ദേശിക്കുന്നു. ഇതു പാലിക്കണമെന്ന നിബന്ധനയോടെ ഇപ്പോഴുള്ള 40 ടൺ മാലിന്യം മാറ്റുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

## 4.19 പുതുക്കോട് ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG 846/19 - CC/568/19)**

പുതുക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. ഇവർക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.20 കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG/847/19 - CC/599/19)**

***പ്രോ.നം. 187/20***

***അടങ്കൽ 25,05,000/- രൂപ***
***വികസനഫണ്ട് ( 1,65,000/- രൂപ)***
***എഫ്.സി (23,40,000/- രൂപ)***

***പേര് - കക്കൂസ് പുനരുദ്ധാരണം***

കക്കൂസ് പുനരുദ്ധാരണത്തിനുള്ള ഈ പ്രോജക്ടിൽ പ്രധാന വിഹിതം ധനകാര്യ കമ്മീഷൻ ഗ്രാന്റാണ്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കക്കൂസിന് അറ്റകുറ്റപ്പണി ആവശ്യമാണെന്ന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി :- **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

## 4.21 കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG 848/19 - CC/600/19)**

***പ്രോ.നം. 189/20*** ***അടങ്കൽ - 10,05,000/- രൂപ (എസ്.സി.പി)***

***പേര് - കക്കൂസ് പുനരുദ്ധാരണം***

കക്കൂസ് പുനരുദ്ധാരണത്തിനുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കക്കൂസിന് അറ്റകുറ്റപ്പണി ആവശ്യമാണെന്ന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

## 4.22 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.09.2019-ലെ കത്ത് ( SRG 842/19 - CC/529/19)**

*പ്രോ.നം. 32/20* *അടങ്കൽ - 38,50,000/- രൂപ*
*( വികസന ഫണ്ട് - 19,25,000/- രൂപ)*
*ഗുണഭോക്തൃ വിഹിതം - 19,25,000/- രൂപ )*

***പേര് - ക്ഷീരാമൃതം***

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ടിൽ പശുക്കളെ വാങ്ങി നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരം പശുക്കളെ സംസ്ഥാനത്തിനു പുറത്തു നിന്നാണ് വാങ്ങേണ്ടത്. സംസ്ഥാനത്തിനകത്തു നിന്നു തന്നെ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പിന്നീട് പരിഗണിക്കും

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.23 ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.10.2019-ലെ കത്ത് ( SRG 873/19 - CC/654/19)**

*പ്രോ.നം. 42/20* *അടങ്കൽ - 20,00,000/- രൂപ*
*( വികസന ഫണ്ട് - 10,91,200/- രൂപ)*
*തനത് ഫണ്ട് - 9,08,800/- രൂപ )*

***പേര് - പ്രൈമറി സ്കൂളുകളിൽ പ്രഭാത ഭക്ഷണം***

പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്യാനുള്ള ഈ പ്രോജക്ടിൽ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളേയും ഉൾപ്പെടുത്തിയിരിക്കുന്നു (നാല് സർക്കാർ സ്കൂളുകളും നാല് എയ്ഡഡ് സ്കൂളുകളും) എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.24 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.09.2019-ലെ കത്ത് ( SRG 852/19 - CC/589/19)**

*പ്രോ.നം. 69/20* *അടങ്കൽ - 4,00,000/- രൂപ*
*( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)*

***പേര് - മാലിന്യ നിക്ഷേപം തടയുന്നതിന് പൊതു സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ***

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 9 നിരീക്ഷണ ക്യാമറ സ്ഥാപിക്കാനുള്ള നൂതന ഗണത്തിൽപ്പെട്ട പ്രോജക്ടാണിത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ളതായതിനാൽ 02.09.2019-ൽ കൂടിയ നൂതന പ്രോജക്ടിനുള്ള ജില്ലാതല സമിതി ഇതിന് അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള ഈ പ്രോജക്ടിന് അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.25 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.09.2019-ലെ കത്ത് ( SRG 853/19 - CC/579/19)**

*പ്രോ.നം. 4/20* *അടങ്കൽ - 28,50,000/- രൂപ*
*( വികസന ഫണ്ട് - 25,65,000/- രൂപ)*
*ഗുണഭോക്തൃ വിഹിതം - 2,85,000/- രൂപ )*

***പേര് - കൊയ്ത്ത് മെതിയന്ത്രം വാങ്ങി നൽകൽ***

മാർഗ്ഗരേഖ പ്രകാരം കൊയ്ത്ത് യന്ത്രവും മെതിയന്ത്രവും വാങ്ങി നൽകാൻ അനുമതിയുണ്ടെങ്കിലും ഇതു രണ്ടും ചേർന്നുള്ള കൊയ്ത്ത് മെതിയന്ത്രം വാങ്ങി നൽകുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. അതിനാൽ ഇതു വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന് അടിയന്തിര ആവശ്യമില്ലെന്ന പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് യോഗം വിലയിരുത്തി. അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

## 4.26 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.10.2019-ലെ കത്ത് ( SRG 593/19 - CC/406/19)**

*പ്രോ.നം. 418/20* *അടങ്കൽ - 14,70,000/- രൂപ (എസ്.സി.പി)*

***പേര് - കങ്ങഴ ഡിവിഷൻ - എസ്.സി. വനിതകൾക്ക് കറവ പശുക്കളെ വാങ്ങാൻ ധനസഹായം നൽകുക***

കഞ്ഞഴ ഡിവിഷനിലേയ്ക്ക് കറവ പശുക്കളെ വാങ്ങാൻ ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് പ്രോജക്ട് ഏറ്റെടുക്കാവുന്നത് എന്നതിനാൽ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** 1) അനുമതി നിരസിച്ചു.

2) ഡിവിഷൻ തലത്തിൽ പ്രോജക്ട് തയ്യാറാക്കരുതെന്ന മുൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശം ജില്ലാ പഞ്ചായത്തും ജില്ലാ ആസൂത്രണ സമിതിയും പരിഗണിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.27 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.10.2019-ലെ DB3-753/2013/CE/തസ്വഭവ നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019-ലെ 4.16-ാം നമ്പർ തീരുമാനവും ( SRG896/19)**

2018-19-ൽ ബളാൽ രാജപുരം റോഡ് മെക്കാഡം ടാറിംഗ് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. (പ്രോ.നം. 39/19) വെറ്റിംഗ് ഓഫീസർ ചില ഭേദഗതി കൾ നിർദ്ദേശിച്ചിരുന്നതിനാൽ വെറ്റിംഗ് 2019 മാർച്ചിനകം പൂർത്തിയായില്ല. അതിനാൽ 2019-20 - ലേയ്ക്ക് സുലേഖ സോഫ്റ്റ് വെയറിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇത് പുതിയപ്രോജക്ടായി 2019-20-ൽ എടുക്കാൻ 20.06.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഈ പ്രോജക്ടിന് 18.02.2019-ൽ സാങ്കേതികാനുമതി ലഭിച്ചതനുസരിച്ച് 2019 മാർച്ചിൽ തന്നെ ടെണ്ടർ ചെയ്യുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പ്രിൻസ് കെ.വി, കരിമ്പനയ്ക്കൽ എന്ന ആളെ പ്രവൃത്തി ഏൽപ്പിക്കുകയും നിർമ്മാണം ഇപ്പോൾ പുരോഗതിയിലുമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ കാസർഗോഡ് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മാപ്പാക്കി ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 1) സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകുന്നു. ഇതിനുള്ള നടപടി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം.

2) വീഴ്ച വരുത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.28 കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ /KMR -നമ്പർ കത്തും പഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.019-ലെ BP3 - 153/2018/KMR നമ്പർകത്തും ബ്ലോക്ക് പഞ്ചായത്തിന്റെ 29.05.2019-ലെ III(5) -ാാം നമ്പർ ഭരണസമിതി തീരുമാനവും (SRG 905/19 - LSGD /DB3/184/2019 LSGD**

കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തും ബ്ലോക്കിനു കീഴിലെ ഗ്രാമപഞ്ചായത്തുകളുമായി സംയുക്തമായി പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ കാനാറായിൽ വൈദ്യുതി ശ്മശാനം നിർമ്മിച്ചു. ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കുടിവെള്ളം, ടോയ് ലറ്റ് എന്നീ സൗകര്യം കൂടി ചെയ്യാനുണ്ട്.

ഈ ശ്മശാനം പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിന് കൈമാറാനും ശ്മശാനത്തിന്റെ നിർമ്മാണം നടത്തിയ MHTഎഞ്ചിനീയറിംഗ് കമ്പനിയുമായി കരാറിലേർപ്പെട്ട് വൈദ്യുതി ശ്മശാനം പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 1)ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഈ വർഷം തന്നെ നടത്തണമെന്ന നിബന്ധനയോടെ ശ്മശാനം പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിന് കൈമാറാൻ അനുമതി നൽകുന്നു. എന്നാൽ സംയുക്തമായി നിർമ്മിച്ചതാകയാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അത് പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

2) ശ്മശാനത്തിന്റെ പ്രവർത്തനം MHTകമ്പനിയെ ഏൽപ്പിക്കുന്നതിന് അനുമതി നൽകുന്നു. എഗ്രിമെന്റ് അടക്കം മറ്റ് നടപടിക്രമങ്ങൾ പാലിക്കണം.

**നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

യോഗം ഉച്ചകഴിഞ്ഞ് 1.30-ന് അവസാനിച്ചു

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (പ്രതിനിധി)
5 ഡയറക്ടർ, നഗരകാര്യ വകുപ്പ്
6 ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
7 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
8 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
12 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
13 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്(പ്രതിനിധി)
14 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
15 ഡയറക്ടർ, വനിതാശിശുക്ഷേമ വകുപ്പ്(പ്രതിനിധി)
16 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
17 പ്രിൻസിപ്പൽ സെക്രട്ടറി ഫിനാൻസ് (പ്രതിനിധി)
18 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
19 ഫിഷറീസ് ഡയറക്ടർ (പ്രതിനിധി)
20 മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി